കേരള സർവകലാശാല
Re-accredited by NAAC with A++ GRADE

നം. പി.ആർ. **190 (b)/2026** തീയതി : **10/09/2026**

**അക്കാദമിക-ഗവേഷണ സഹകരണം ശക്തിപ്പെടുത്താൻ ധാരണാപത്രത്തിൽ ഒപ്പുവച്ച് കേരള സർവകലാശാലയും മലേഷ്യയിലെ യുഎംടിയും**

തിരുവനന്തപുരം: കേരള സർവകലാശാലയും യൂണിവേഴ്സിറ്റി മലേഷ്യ ടെറൻഗാനുവും (യുഎംടി) തമ്മിൽ അക്കാദമിക-ഗവേഷണ-ശാസ്ത്ര മേഖലകളിലെ സഹകരണം ശക്തിപ്പെടുത്തുന്നതിനായി ധാരണാപത്രത്തിൽ (MoU) ഒപ്പുവച്ചു. ഇരു സർവകലാശാലകളും തമ്മിലുള്ള വിവിധ സംയുക്ത സഹകരണ പ്രവർത്തനങ്ങൾക്ക് തുടക്കമൊരുക്കുന്നതാണ് ധാരണാപത്രം. വിദ്യാർഥികൾക്കും അധ്യാപകർക്കുമായുള്ള എക്സ്ചേഞ്ച് പ്രോഗ്രാമുകൾ, സമുദ്രശാസ്ത്രം, ഓഷ്യാനോഗ്രഫി മേഖലകളിൽ സംയുക്ത ഗവേഷണ-അക്കാദമിക പ്രവർത്തനങ്ങൾ, പ്രൊഫഷണൽ, അക്കാദമിക വികാസം, വിവിധ പരിശീലനപരിപാടികൾ, ഗവേഷണം എന്നിവയാണ് ധാരണയുടെ പ്രധാന ലക്ഷ്യങ്ങൾ.

ഇരു സർവകലാശാലകളിലെയും വിദ്യാർഥികൾക്കും അധ്യാപകർക്കും ഗവേഷകർക്കും അന്താരാഷ്ട്ര തലത്തിലുള്ള അക്കാദമിക-ഗവേഷണ പ്രവർത്തനങ്ങളിൽ കൂടുതൽ അവസരങ്ങൾ ഒരുക്കുന്നതിനും ഈ പങ്കാളിത്തം ലക്ഷ്യമിടുന്നു.

മലേഷ്യയിലെ പ്രമുഖ പൊതുസർവകലാശാലകളിലൊന്നായ യുഎംടി സമുദ്രശാസ്ത്രം, ജലവിഭവങ്ങൾ എന്നീ മേഖലകളിലെ ഗവേഷണപ്രവർത്തങ്ങൾക്ക് ചുക്കാൻ പിടിക്കുകയും അന്താരാഷ്ട്ര അക്കാദമിക ബന്ധങ്ങളിൽ ശക്തമായ ഇടപെടലുകൾ നടത്തിയ വിവിധ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. സമുദ്രശാസ്ത്രവും അനുബന്ധ വിഷയങ്ങളും കേന്ദ്രീകരിച്ച് ഇരു സർവകലാശാലകളും തമ്മിലുള്ള സ്ഥാപനതല ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിനും ഗവേഷണം, പഠനം, പരിശീലനം എന്നിവയിൽ പരസ്പര പ്രയോജനകരമായ സഹകരണം സാധ്യമാക്കുന്നതിനും ധാരണാപത്രം വഴിയൊരുക്കും.

കേരള സർവകലാശാല രജിസ്ട്രാർ ശ്രീമതി രശ്മി ആർ, യുഎംടി ഡെപ്യൂട്ടി വൈസ് ചാൻസലർ പ്രൊഫ. സുരിയാനി ബിന്തി മുഹമ്മദ് എന്നിവർ ധാരണാപത്രത്തിൽ ഒപ്പുവച്ചു. യുഎംടി മറൈൻ എൻവിയോണ്മെന്റ് ഡീൻ പ്രൊഫ. വാൻ മുഹമ്മദ് ഖൈറുൽ ബിൻ വാൻ മുഹമ്മദ് സിൻ , യുഎംടി ഇന്റർനാഷണൽ സെന്റർ ഡയറക്ടർ പ്രൊഫ. കേശവൻ ഭൂപാലൻ, കേരള സർവകലാശാല അക്വാട്ടിക് ബയോളജി ആൻഡ് ഫിഷറീസ് വകുപ്പ് മേധാവി

പ്രൊഫ. എസ്. എം റാഫി, അസിസ്റ്റന്റ് പ്രൊഫസർ ഡോ. മിഥുൻ ശങ്കരൻ എന്നിവരും മറ്റ് ഉദ്യോഗസ്ഥരും ചടങ്ങിൽ സന്നിഹിതരായിരുന്നു.

ആഗോള ഗവേഷണ സഹകരണത്തിനും അറിവിന്റെ കൈമാറ്റത്തിനുമുള്ള അവസരങ്ങൾ വിപുലീകരിക്കുന്നതിനൊപ്പം കേരള സർവകലാശാലയുടെ അന്താരാഷ്ട്ര അക്കാദമിക പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള മറ്റൊരു സുപ്രധാന ചുവടുവയ്പ്പാണ് ഈ ധാരണാപത്രം.

**ഫോട്ടോസ് ഉൾപ്പെടുത്തിയിട്ടുണ്ട്**


**വന്ദന മോഹൻദാസ്**
**പബ്ലിക് റിലേഷൻസ് ഓഫീസർ**
**E-mail:**ku.release@keralauniversity.ac.in